# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:15.01.2026**

## പ്രധാനവാർത്തകൾ

1. ജനക്ഷേമമാണ് കേന്ദ്രസർക്കാരിൻറെ പ്രവർത്തനങ്ങളുടെ അടിസ്ഥാനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. സംസ്ഥാനത്ത് എസ് ഐ ആറിൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ പേരുകൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിൽ പ്രസിദ്ധീകരിക്കണമെന്ന് സുപ്രീം കോടതി.

3. ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ പി.എസ്.സി.യുടെ വിവരശേഖരണത്തിലെ സുതാര്യത ഉറപ്പുവരുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. 46-ാമത് സംസ്ഥാന സഹകരണ നിക്ഷേപ സമാഹരണത്തിന് കോട്ടയത്ത് തുടക്കമായി. ഒമ്പതിനായിരം കോടി രൂപ സമാഹരിക്കുക ലക്ഷ്യം.

5. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഇഞ്ചോടിഞ്ച് പോരാട്ടവുമായി കണ്ണൂരും കോഴിക്കോടും.

6. ശബരിമല ദർശനത്തിനുള്ള സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ ഈ മാസം 19 വരെ പ്രവർത്തിക്കും. പടിപൂജ നാളെ മുതൽ.

****************

RNU TVPM

## പ്രധാനമന്ത്രി

ജനക്ഷേമമമാണ് കേന്ദ്രസർക്കാരിൻറെ  പ്രവർത്തനങ്ങളുടെ അടിസ്ഥാനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.  കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും 28-ാമത് സമ്മേളനം ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനാധിപത്യ വ്യവസ്ഥ രാഷ്ട്ര വികസനത്തിന് ഊർജ്ജം പകരുമെന്ന് ഇന്ത്യ തെളിയിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. 42 കോമൺവെൽത്ത് രാജ്യങ്ങളിലെയും നാല് അർദ്ധ സ്വയംഭരണ പാർലമെൻറുകളിലെയും 61 സ്പീക്കർമാരും പ്രിസൈഡിംഗ് ഓഫീസർമാരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

****************

## തീവ്ര വോട്ടർ പട്ടിക

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന് ശേഷം പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ പേരുകൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാകുന്ന തരത്തിൽ പൊതു ഓഫീസുകളിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണമെന്ന് സുപ്രീം കോടതി. സംസ്ഥാനത്തെ എസ്ഐആർ പ്രക്രിയയുമായി ബന്ധപ്പെട്ട് ഹർജികൾ  പരിഗണിക്കുകയായിരുന്നു സുപ്രീം കോടതി.  കേന്ദ്ര തെരെഞ്ഞെടുപ്പ് കമ്മീഷന്  ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. പേരുകൾ ഇല്ലാതാക്കുന്നതിനെതിരെ എതിർപ്പുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടുന്നത് പരിഗണിക്കാനും  കോടതി കമ്മീഷനോട്  ആവശ്യപ്പെട്ടു. നേരത്തെ കോടതി നിർദ്ദേശത്തെ തുടർന്ന്

RNUTVPM

എന്യുമറേഷൻ ഫോമുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി കമ്മീഷൻ രണ്ടു തവണ നീട്ടിയിരുന്നു.

****************

## മുഖ്യമന്ത്രി പി.എസ്.സി (ഇ ൻട്രോ)

ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ പി.എസ്.സി.യുടെ വിവരശേഖരണത്തിലെ സുതാര്യതയും സുരക്ഷിതത്വവും ഉറപ്പുവരുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള പി എസ് സിയിൽ - ബ്ലോക്ക് ചെയിൻ സംവിധാനം ഏർപ്പെടുത്തുന്ന ചടങ്ങ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംവരണ തത്വം ഫലപ്രദമായി നടപ്പാക്കുന്നതിൽ പി.എസ്.സി. പോലുള്ള സ്ഥാപനങ്ങൾക്ക് നിർണായക പങ്കുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

(വോയിസ്)

കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ് ബ്ലോക്ക് ചെയിൻ സംവിധാനം വികസിപ്പിച്ചത്.

RNUTVPM

****************

## ബഡ്സ് കലോത്സവം-മന്ത്രി വീണാ ജോർജ്

ഭിന്നശേഷിയുള്ള കുട്ടികളെ മുഖ്യധാരയിലേക്ക് എത്തിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്ന് മന്ത്രി വീണാ ജോർജ് .കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷൻ്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജില്ലാ ബഡ്സ് കലോത്സവം 'തില്ലാന 2026' ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസവും നൈപുണ്യപരിശീലനവും പരിപാലനവും ലക്ഷ്യമാക്കി കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനുമാണ് കലോത്സവം സംഘടിപ്പിച്ചത്. ജില്ലയിലെ 12 ബഡ്സ് സ്കൂളുകളിൽ നിന്നായി 150 ഓളം മത്സരാർഥികൾ പങ്കെടുത്തു.

****************

## സംസ്ഥാന സഹകരണ നിക്ഷേപ സമാഹരണം

46-ആമത് സംസ്ഥാന സഹകരണ നിക്ഷേപ സമാഹരണത്തിന് തുടക്കമായി. സമാഹരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ കോട്ടയം പാമ്പാടിയിൽ നിർവഹിച്ചു. അടുത്തമാസം 25 വരെ നടക്കുന്ന പരിപാടിയിലൂടെ 9,000 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ വികസനം സഹകരണ മേഖലയിലൂടെ എന്നതാണ് പ്രമേയം.

****************

## കണ്ണൂർ കർഷകൻ ( ഇൻട്രോ )

കൃഷിയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കാൻ കേന്ദ്രസർക്കാരിൻറെ പുതിയ പദ്ധതികളിലൂടെ സാധിക്കുമെന്ന് കണ്ണൂരിൽ നിന്നുള്ള കർഷകനും റിട്ടയേഡ് അധ്യാപകനുമായ കുന്നുംപുറം രാജൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്..കു ന്നുംപുറം രാജൻ )

കർഷകർ രാഷ്ട്ര നിർമാണത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു.

****************

## രാഹുൽ മാങ്കൂട്ടം

ലൈംഗിക പീഡന കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എയെ പത്തനംതിട്ട മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കി. റിമാൻഡ് ചെയ്ത രാഹുലിനെ ഉടൻ ജയിലിലേക്ക് മാറ്റും. മൂന്ന് ദിവസത്തെ കസ്റ്റഡി കാലാവധി പൂർത്തിയാക്കിയതിനെ തുടർന്നാണ് രാഹുലിനെ ഇന്ന് ഹാജരാക്കിയത്. അതേസമയം, രാഹുൽ മാങ്കൂട്ടത്തിലിൻറെ ജാമ്യാപേക്ഷ കോടതി നാളെ പരിഗണിക്കും.

****************

## കരസേനാ ദിനം-പാങ്ങോട് ആചരിച്ചു

കരസേനാ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരത്തെ പാങ്ങോട് സൈനിക കേന്ദ്രത്തിലെ യുദ്ധസ്മാരകത്തിൽ സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ അനുരാഗ് ഉപാധ്യായ പുഷ്പചക്രം

RNU TVPM

അർപ്പിച്ചു. കരസേനയിലെ മുതിർന്ന ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു. "നെറ്റ്‌വർക്കിംഗിന്റെയും ഡാറ്റാ കേന്ദ്രീകരണത്തിന്റെയും വർഷം" എന്നതാണ്, ഈ വർഷത്തെ കരസേനാദിന ആഘോഷങ്ങളുടെ പ്രമേയം.

****************

## സൈനിക സ്കൂൾ പുരസ്കാരം

കരസേനാ ദിനത്തോടനുബന്ധിച്ച് കഴക്കൂട്ടം സൈനിക സ്കൂൾ പ്രിൻസിപ്പൽ കേണൽ ധീരേന്ദ്ര കുമാറിന് കരസേനാ മേധാവിയുടെ പുരസ്കാരം ലഭിച്ചു. മാതൃകാപരമായ സേവനം, നേതൃത്വം, പ്രൊഫഷണൽ മികവ് എന്നിവ പരിഗണിച്ചാണ് പുരസ്കാരം. 2021 മുതൽ കേണൽ ധീരേന്ദ്ര കുമാർ കഴക്കൂട്ടം സൈനിക സ്കൂളിന്റെ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചുവരുന്നു.

****************

RNU TVPM

## അപേക്ഷ ക്ഷണിക്കുന്നു

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

****************

## ദേശീയ സ്റ്റാർട്ടപ്പ് ദിനം

സ്റ്റാർട്ട് അപ്പ് ഇന്ത്യ പദ്ധതിക്ക് നാളെ പത്ത് വർഷം പൂർത്തിയാകും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ - നടക്കുന്ന ദേശീയ സ്റ്റാർട്ടപ്പ് ദിനാഘോഷത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉച്ചയ്ക്ക് ഒരു മണിക്കാണ്

പരിപാടി. തൊഴിൽദാതാക്കളുടെ രാജ്യമായി ഇന്ത്യയെ മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

****************

## സുരേഷ് ഗോപി - ട്രെയിൻ

ഗുരുവായൂർ - തൃശ്ശൂർ റൂട്ടിൽ പുതിയ ട്രെയിൻ സർവീസ് അനുവദിച്ചതായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ഈ തീരുമാനം കേരളത്തിലെ യാത്രാക്ലേശത്തിന് വലിയൊരു ആശ്വാസമാകുമെന്നും അദ്ദേഹം ഫെയ്സ്ബുക്കിൽ അറിയിച്ചു. തൃശ്ശൂർ - ഗുരുവായൂർ പാസഞ്ചർ ദിവസേന രാത്രി 08:10-ന് തൃശ്ശൂരിൽ നിന്ന് പുറപ്പെട്ട് 08:45-ന് ഗുരുവായൂരിലെത്തും. ഗുരുവായൂരിൽ നിന്ന് വൈകുന്നേരം 06:10-ന് പുറപ്പെട്ട് 06:50-ന് തൃശ്ശൂരിലെത്തും.

****************

## ശബരിമല-സ്പോട്ട് ബുക്കിംഗ്

മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി ശബരിമല ദർശനത്തിനായുള്ള സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ ഈ മാസം 19 വരെ പ്രവർത്തിക്കും. പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലാണ് സ്പോട്ട് ബുക്കിംഗ് സൗകര്യമുള്ളത്. വെർച്വൽ ക്യൂ ബുക്കിംഗും 19 വരെയുണ്ടാകും. മറ്റന്നാൾ വരെയാണ് തിരുവാഭരണം ചാർത്തിയുള്ള അയ്യപ്പദർശനം. ഈ മാസം 20ന് പന്തളം രാജപ്രതിനിധി ദർശനം നടത്തിയതിന് ശേഷം മണ്ഡല, മകരവിളക്ക് മഹോത്സവത്തിന് സമാപനം കുറിച്ച് നട അടയ്ക്കും.

****************

## ശബരിമല പടിപൂജ

ശബരിമല മകരവിളക്ക് തീർത്ഥാടനകാലത്തെ പടിപൂജയ്ക്ക് നാളെ തുടക്കം. ദീപാരാധനയ്ക്ക് ശേഷം 6.45 മണിയോടെയാണ് പൂജ നടക്കുക. ഈ സമയം ഭക്തർക്ക് പ്രവേശനമില്ല. ശബരിമല

PNUTVPM

അടക്കമുള്ള പതിനെട്ട് മലകളെയാണ് പടികൾ പ്രതിനിധാനം ചെയ്യുന്നതെന്നാണ് സങ്കൽപ്പം.

****************

## കലോത്സവം (ഇൻട്രോ)

തൃശൂരിൽ നടക്കുന്ന 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മുന്നേറ്റം തുടർന്ന് കണ്ണൂരും കോഴിക്കോടും. രണ്ടാം ദിവസത്തിലെ മത്സരങ്ങൾ പുരോഗമിക്കുമ്പോൾ ഇഞ്ചോടിഞ്ച് പോരാട്ടവുമായി തൃശ്ശൂരും കോഴിക്കോടുമാണ് തൊട്ടു പിന്നിൽ. കലോത്സവം പ്രമാണിച്ച് പൂരനഗരിയെ ആവേശത്തിലാഴ്ത്തി കലോത്സവം കൊട്ടിക്കയറുമ്പോൾ നടനും അവതാരകനുമായ ജയരാജ് വാര്യർ തൻറെ സ്കൂൾ കാലഘട്ടത്തിലെ കലോത്സവ ഓർമ്മകൾ ആകാശവാണി വാർത്തകളുമായി പങ്കുവയ്ക്കുന്നു...

( വോയിസ്.....)

തൃശൂർ ജില്ലയിലെ എല്ലാ സ്കൂളുകൾക്കും നാളെ അവധിയായിരിക്കും.

****************

## പിഐബി-ഫാക്ട് ചെക്ക്

ആധാർ അപ്ഡേറ്റ് ചെയ്യാൻ ആപ്പ് ഇൻസ്റ്റാൾചെയ്യണമെന്നും അല്ലെങ്കിൽ യോനോ ആപ്പ് ബ്ലോക്ക് ആവുമെന്ന തരത്തിൽ എസ്ബിഐയുടെ പേരിൽ പ്രചരിക്കുന്ന വിഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ഇത്തരം ഫയലുകൾ ഡൗൺലോഡ് ചെയ്യരുതെന്നും വ്യക്തിഗത വിവരങ്ങളോ ബാങ്കിംഗ്, ആധാർ വിവരങ്ങളോ പങ്കുവെക്കരുതെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ യൂണിറ്റ് അറിയിച്ചു.

****************

## സംയോജിത ശമ്പള അക്കൗണ്ട് പാക്കേജ്

കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ഏകജാലക പരിഹാരത്തിലൂടെ ആധുനിക ബാങ്കിംഗ് സേവനങ്ങളും സമഗ്രമായ സാമ്പത്തിക

PNU TVPM

പരിരക്ഷയും ലഭ്യമാക്കാൻ ലക്ഷ്യമിട്ട് സംയോജിത ശമ്പള അക്കൗണ്ട് പാക്കേജ് ഒരുക്കി കേന്ദ്ര സർക്കാർ. പുതിയ സംവിധാനത്തിലൂടെ കേന്ദ്ര സർക്കാർ ജീവനക്കാർക്ക് അവരുടെ ഒറ്റ ശമ്പള അക്കൗണ്ടിലൂടെ തന്നെ ഇൻഷുറൻസ്, മെഡിക്കൽ പരിരക്ഷ, മെച്ചപ്പെടുത്തിയ ബാങ്കിംഗ് സൗകര്യങ്ങൾ എന്നിവ എളുപ്പത്തിൽ നടപ്പിലാക്കാനുള്ള സൗകര്യം ലഭ്യമാകും. എല്ലാ കേന്ദ്ര സർക്കാർ ജീവനക്കാർക്കും അവരുടെ നിലവിലെ സാലറി അക്കൗണ്ടുകൾ സ്വന്തം അനുമതി പത്രം നൽകി പുതിയ സംവിധാനത്തിലേക്ക് മാറ്റാവുന്നതാണ്.

****************

************

********

RNU TVPM